ഇൻഫർമേഷൻ ടെക്നോളജി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി വാങ്ങിയ ഉപകരണങ്ങൾ

18 (1484)ശ്രീ. ഇ.എം. അഗസ്തി :
ശ്രീ. കെ.പി. വിശ്വനാഥൻ :
ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. സുധാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഫർമേഷൻ ടെക്നോളജി സംസ്ഥാനത്ത് ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി ഇതുവരെ എന്ത് തുകയ്ക്കുള്ള യന്ത്രോപകരണങ്ങളും മറ്റു സാധനസാമഗ്രികളും വാങ്ങിയിട്ടുണ്ട്;

(ബി) ഈ സാധനങ്ങൾ വാങ്ങിയത് ക്വട്ടേഷൻ മുഖേനയായിരുന്നുവോ; അല്ലെങ്കിൽ കാരണമെന്ത്;

(സി) ഈ യന്ത്രങ്ങളും സാധനസാമഗ്രികളും ഏതെല്ലാം കമ്പനികളിൽ നിന്നാണ് വാങ്ങിയത്;

(ഡി) അവ സംസ്ഥാന ഗവൺമെന്റിന് സപ്ലൈ ചെയ്ത ഏജന്റുമാരുടെ പേരും മേൽവിലാസവും നൽകുമോ;

(ഇ) ഓരോ ഏജന്റും എന്തു വിലയ്ക്കുള്ള യന്ത്രങ്ങളും സാധന സാമഗ്രികളും സപ്ലൈ ചെയ്തു എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ)-(ഇ) വരെ ഐ.റ്റി. വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന മിഷൻ ഓൺ ഐ.റ്റി. യിൽ വാങ്ങിയിട്ടുള്ള കമ്പ്യൂട്ടറുകളുടെയും യന്ത്രോപകരണങ്ങളുടെയും വിവരം ചുവടെ ചേർക്കുന്നു.

11 കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനമായ കെൽട്രോൺ മുഖേനയാണ് ഈ ഉത്പന്നങ്ങൾ വാങ്ങിയിട്ടുള്ളത്.

ആകെ 21,24,440 രൂപ ഇതിനായി ചെലവായിട്ടുണ്ട്.

മറ്റു വകുപ്പുകളിൽ വാങ്ങിയിട്ടുള്ള യന്ത്രോപകരണങ്ങളുടെ വിവരം ശേഖരിച്ചു നൽകുന്നതാണ്.

നെടുമ്പാശ്ശേരി അന്താരാഷ്ട്ര വിമാനത്താവളം

19 (1485)പ്രൊഫ. എ.വി. താമരാക്ഷൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമ്പാശ്ശേരി അന്താരാഷ്ട്ര വിമാനത്താവളത്തിൽ സംസ്ഥാന ഖജനാവിൽ നിന്ന് എത്ര കോടി രൂപയാണ് 2000 ഫെബ്രുവരി ഒന്നുവരെ നൽകിയിട്ടുള്ളത്;

(ബി) ഇപ്പോൾ എത്ര കോടി രൂപയുടെ നഷ്ടത്തിലാണ് ഈ വിമാനത്താവളം പ്രവർത്തിക്കുന്നത്;

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാന സർക്കാർ എത്ര കോടി രൂപയാണ് കൊടുക്കാൻ നിശ്ചയിച്ചിരുന്നത്; 55% ഷെയറിന് ആവശ്യമായ തുക നൽകാതിരുന്നതിനാൽ എത്ര കോടി രൂപയാണ് പലിശ ഇനത്തിൽ എയർ പോർട്ട് അതോറിറ്റിക്ക് പ്രതിമാസം കൊടുക്കേണ്ടിവരുന്നത്;

(ഡി) സംസ്ഥാന സർക്കാരിന് പണം ഇല്ലെങ്കിൽ കൂടുതൽ ഷെയറു കൾ എൻ.ആർ.ഐ. മാർക്ക് നൽകാൻ നടപടി സ്വീകരിക്കുമോ;

(ഇ) വിമാനത്താവളത്തിൽ എത്രപേരെ സ്ഥിരമായും താല്ക്കാലിക മായും നിയമിച്ചിട്ടുണ്ട്; അവരുടെ പേരും പൂർണ്ണ വിലാസവും, വിദ്യാഭ്യാസ യോഗ്യതയും തസ്തികയും വ്യക്തമാക്കുമോ;

(എഫ്) ഇവരെ ഏത് ഏജൻസിയാണ് നിയമിച്ചതെന്നും അതിന് സ്വീക രിച്ച മാനദണ്ഡം എന്താണെന്നും വ്യക്തമാക്കുമോ;

(ജി) പ്രസ്തുത നിയമനങ്ങളിൽ സംവരണ തത്വം പാലിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്ത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 27.85 കോടി രൂപ.

(ബി) 1999 മാർച്ച് 31 വരെയുള്ള വർഷങ്ങളിലെ ഓഡിറ്റ് ചെയ്ത കണക്കുകൾ പ്രകാരം വിമാനത്താവള കമ്പനിക്ക് പ്രവർത്തന നഷ്ടമോ പ്രവർത്തന ലാഭമോ ഇല്ല. 2000 മാർച്ച് 31-ന് ശേഷമേ ഈ ധനകാര്യ വർഷത്തെ കണക്കെടുപ്പു പൂർത്തിയാവുകയുള്ളൂ. അതിന് ശേഷം മാത്രമേ ലാഭമോ നഷ്ടമോ എന്നു തിട്ടപ്പെടുത്താൻ കഴിയുകയുള്ളൂ.

(സി) 45.9 കോടി രൂപയാണ് ഓഹരി മൂലധനമായി പൊതുമേഖലാ സ്ഥാപനങ്ങളും സർക്കാരും കൂടി നൽകേണ്ടത്. അതിൽ 30.45 കോടി രൂപ കൊടുത്തിട്ടുണ്ട്. മൂലധന നിക്ഷേപമായി തുക നൽകാതിരുന്നതുകൊണ്ട് പ്രത്യേകിച്ച് പലിശയൊന്നും നൽകേണ്ടി വന്നിട്ടില്ല.

(ഡി) ഇത് സംബന്ധിച്ച് ഉപദേശിക്കുന്നതിന് 'പ്രൈസ് വാട്ടർ ഹൗസ് സ്ക്കൂപ്പേഴ്സ്' എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അവരുടെ റിപ്പോർട്ടു കിട്ടിയതിനുശേഷം കമ്പനിയുടെ ഡയറക്ടർ ബോർഡ് ഉചിതമായ നടപടി സ്വീകരിക്കും.

(ഇ) 202 പേരെ സ്ഥിരമായും 30 പേരെ താല്ക്കാലികമായും നിയമി ച്ചിട്ടുണ്ട്. വിശദ വിവരം അനുബന്ധമായി കൊടുത്തിട്ടുണ്ട്.

(എഫ്) ഇവരെ കമ്പനി നേരിട്ടാണ് നിയമിച്ചത്. എഴുത്തു പരീക്ഷയും ഇന്റർവ്യൂവും നടത്തിയാണ് സ്ഥിര നിയമനം നടത്തിയിട്ടുള്ളത്. താല്ക്കാലിക നിയമനം 3 മാസത്തെ കരാർ അടിസ്ഥാനത്തിലാണ് നടത്തിയിട്ടുള്ളത്.

(ജി) ഇല്ല. കാരണം ഇത് ഒരു പൊതുമേഖലാ സ്ഥാപനമായിരുന്നി ല്ല. ഇത് ഒരു പൊതുമേഖലാ സ്ഥാപനമാക്കാൻ ഈ സർക്കാർ തീരുമാനിച്ചിട്ടു ണ്ട്. അതിന്റെ അടിസ്ഥാനത്തിൽ സംവരണ തത്വം പാലിക്കുന്നതാണ്.

അന്തർസംസ്ഥാന ജലസേചന ചർച്ചകൾ

20 (1486) ശ്രീ. എ.സി. ഷൺമുഖദാസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly